പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7394 — 14.07.2014 ലെ മറുപടിയ്ക്ക്

## നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാണ്യവിളകളുടേയും ഭക്ഷ്യവിളകളുടേയും ഉല്പാദനത്തിന്റെ വിശദവിവരങ്ങൾ നല്കുമോ;

(എ) 2011-2012, 2012-2013, 2013-2014 എന്നീ വർഷങ്ങളിലെ നെൽകൃഷിയുടെ ഉൽപ്പാദനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഉൽപ്പാദനം (മെ.ടൺ) |
|---|---|
| 2011-2012 | 568993 |
| 2012-2013 | 508299 |
| 2013-2014 | കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. |

പച്ചക്കറി ഉൽപ്പാദനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഉൽപ്പാദനം (മെ.ടൺ) |
|---|---|
| 2011-2012 | 8.25 |
| 2012-2013 | 9.11 |
| 2013-2014 | 11.91 |

(ബി) 2012-13 കാലയളവിൽ നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കുമോ?

(ബി) ഉണ്ട്. 2011-2012 ൽ നെല്ലിന്റെ ഉൽപ്പാദനം 568993 മെ.ടൺ ആയിരുന്നത് 2012-2013 ആയപ്പോൾ 508299 ആയി കുറയുകയുണ്ടായി. ആയതിനുള്ള പ്രധാന കാരണം 2011-2012 ലെ നെല്ലിന്റെ വിസ്തീർണ്ണത്തിൽ നിന്ന് 2012-2013 ആയപ്പോൾ 10883 ഹെക്ടറിന്റെ കുറവ് വന്നിട്ടുണ്ട്. ഇതിന് ആനുപാതികമായി ഉൽപ്പാദനം 60694 ടൺ കുറയുകയുണ്ടായി. ഇതിനും പുറമെ 2012-2013 വർഷം 16338.3 ഹെക്ടർ നെൽകൃഷിക്ക് വരൾച്ച മൂലം നാശം സംഭവിച്ചിട്ടുണ്ട്. 2013-2014 ലെ ഉൽപ്പാദനത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ഉൽപ്പാദനം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4

സെക്ഷൻ ഓഫീസർ